"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പരിഷ്കരിച്ച കരട് പുനലൂർ മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.19/2024/LSGD തീയതി,തിരുവനന്തപുരം, 31-01-2024

---

പരാമർശം:-

1. 10.08.2017 ലെ സ.ഉ.(കൈ)നം.157/2017/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്
2. പുനലൂർ നഗരസഭ കൗൺസിലിന്റെ 30.11.2022 -ലെ 8/8-ാം നമ്പർ തീരുമാനം.
3. 08.09.2023 തീയതിയിലെ പുനലൂർ നഗരസഭ സെക്രട്ടറിയുടെ ഇ3-18613/17 നമ്പർ കത്ത്.
4. 16.10.2023 തീയതിയിലെ മുഖ്യനഗരാസൂത്രകന്റെ (പ്ലാനിംഗ്) എൽ.എസ്.ജി.ഡി./പി.ഡി./17144/2023-ടിസിപി ബി4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയ കരട് പുനലൂർ മാസ്റ്റർപ്ലാൻ പൊതുജനങ്ങളുടെ ആക്ഷേപ/നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി പുനലൂർ നഗരസഭ പ്രസീദ്ധീകരിച്ചിരുന്നു. തുടർന്ന്, ഇതുമായി ബന്ധപ്പെട്ടു ലഭിച്ച ആക്ഷേപ/നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയ പരിഷ്കരിച്ച കരട് മാസ്റ്റർപ്ലാനിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ 36 (9) വകുപ്പ് പ്രകാരം വീണ്ടും പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം പരിഷ്കരിച്ച കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് പുനലൂർ നഗരസഭാ കൗൺസിൽ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുള്ളതിനെ തുടർന്ന് മേൽപ്പറഞ്ഞ പരിഷ്കരിച്ച കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരണാനുമതിയ്ക്കായി പരാമർശം (3) പ്രകാരം പുനലൂർ നഗരസഭാ സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്.

(2) പുനലൂർ നഗരസഭയ്ക്കായി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പരിഷ്കരിച്ച കരട് മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും)

ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകാവുന്നതാണ് എന്ന് പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പരിഷ്കരിച്ച കരട് പുനലൂർ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ, ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, കൊല്ലം
4. സെക്രട്ടറി, പുനലൂർ നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
6. വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ